തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

വാക്കാട്, മലപ്പുറം - 676 502

# നാൽപ്പത്തിയൊന്നാമത് നിർവാഹകസമിതി യോഗതീരുമാനങ്ങൾ

## തിരൂർ, 2019 മാർച്ച് 15, രാവിലെ 10.30

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ ഫെറോൾഡ് സേവ്യർ (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
3. ശ്രീ വിജയകുമാർ ആർ. (ജോയിൻറ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസവകുപ്പ്)
4. ഡോ. എ.കെ. നമ്പ്യാർ
5. ഡോ. സി.പി. അച്ച്യുതനുണ്ണി
6. ഡോ. സി.പി. ചിത്രഭാനു
7. ശ്രീ ഹരികൃഷ്ണപാൽ വി.വൈ. (വിദ്യാർത്ഥി പ്രതിനിധി)
8. ശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി
9. ശ്രീമതി ഗീത കെ. (അഡീഷണൽ സെക്രട്ടറി, സാംസ്കാരികവകുപ്പ്)

ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ- ചാർജ്) യോഗത്തിൽ സന്നിഹിതയായിരുന്നു.

### യോഗനടപടികളും തീരുമാനങ്ങളും

വൈസ് ചാൻസലറുടെ ആമുഖഭാഷണത്തോടെ യോഗം രാവിലെ 10.30 ന് ആരംഭിച്ചു. സർവകലാശാല നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന പ്രശ്നങ്ങൾ വിവരിക്കുന്ന റിപ്പോർട്ട് വൈസ് ചാൻസലർ നിർവാഹകസമിതിയിൽ അവതരിപ്പിച്ചു.

ഇനം **1/41**

### 40-ാമത് നിർവാഹകസമിതി യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്

**തീരുമാനം 1/41**

40- ാമത് നിർവാഹകസമിതി യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിച്ചു.

സ്ഥിരീകരണചർച്ചയിൽ, നിർവാഹകസമിതി യോഗം നടക്കുമ്പോൾ കാമ്പസിനുള്ളിൽ മുദ്രാവാക്യങ്ങളോ സമരപരിപാടികളോ പാടില്ല എന്ന നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എസ്റ്റേറ്റ് ഓഫീസർക്ക് രേഖാമൂലം അറിയിപ്പു നൽകിയതായി രജിസ്ട്രാർ സമിതിയെ അറിയിച്ചു.

സർവകലാശാലയുടെ പ്രവേശനകവാടത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള ബോർഡുകളിലും ബാനറുകളിലും രാഷ്ട്രീയപാർട്ടികളുടെയും സംഘടനകളുടെയും പേരുകൾ എഴുതിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന കാര്യം ഉന്നതവിദ്യാഭ്യാസ ജോയിന്റ് സെക്രട്ടറി ശ്രീ വിജയകുമാർ ഉന്നയിച്ചു. അത് അംഗങ്ങൾ ചർച്ച ചെയ്യുകയും സർവകലാശാലയുടെ അന്തസ്സിനും നിലവാരത്തിനും യോജിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളേ അനുവദിക്കാവൂ എന്ന് വിദ്യാർത്ഥികളോട് നിർദ്ദേശിക്കാൻ തീരുമാനിക്കുകയും ചെയ്തു.

ഇനം
**2/41**

## മുൻതീരുമാനങ്ങളിന്മേലുള്ള തുടർനടപടികൾ

**തീരുമാനം 2/41**

മുൻ തീരുമാനങ്ങളിന്മേലുള്ള തുടർനടപടികൾ സമിതിയെ ബോധ്യപ്പെടുത്തി. 3/40 ഇനം - വൈസ് ചാൻസലറുടെ റിപ്പോർട്ട് അനുസരിച്ച് രൂപീകരിക്കപ്പെട്ട സ്റ്റാഫ് & ഫിനാൻസ് സമിതി 26-02-2018 ന് യോഗം ചേർന്ന് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെന്ന് സമിതിയെ അറിയിച്ചു. എന്നാൽ തെരഞ്ഞെടുപ്പു ചട്ടം നിലവിൽ വന്നതിനാൽ അതു അവസാനിക്കുന്നതു വരെ തീരുമാനങ്ങൾ നടപ്പിലാക്കാനാവില്ല എന്ന സ്ഥിതിയുണ്ട് എന്ന വസ്തുത ഉന്നയിക്കപ്പെട്ടു. 3/40 ലെ 2-ാം ഖണ്ഡികയനുസരിച്ച് രൂപീകൃതമായ പ്രതിനിധിസംഘത്തിനും തെരഞ്ഞെടുപ്പു കഴിയും വരെ മുഖ്യമന്ത്രി, ധനകാര്യമന്ത്രി, ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്നിവരെ നേരിൽ കാണുന്നതിന് സാധിക്കാത്ത സാഹചര്യമുണ്ട്. എങ്കിലും അവസരം ലഭിച്ചാൽ ബന്ധപ്പെടണമെന്നും തീരുമാനിച്ചു.

ഇനം
**3/41**

## വൈസ് ചാൻസലറുടെ റിപ്പോർട്ട്

**തീരുമാനം 3/41**

സർവകലാശാല നേരിടുന്ന അതിരൂക്ഷമായ സാമ്പത്തിക സ്ഥിതി വൈസ് ചാൻസലർ റിപ്പോർട്ടിൽ വ്യക്തമാക്കി. സർക്കാർ ഫണ്ടിനെ മാത്രം ആശ്രയിക്കാതെ, തനതുവരുമാനം വർദ്ധിപ്പിക്കുവാനുള്ള സാധ്യത എന്ത് എന്ന വിഷയം സമിതി ചർച്ച ചെയ്തു.

1. NET കോച്ചിങ് ക്ലാസ് ഫീസ് ഈടാക്കിക്കൊണ്ട് പി.ടി.എ. മുഖേന നടത്തുക.
2. പ്രവാസികൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ കോഴ്സുകൾ വിഭാവനം ചെയ്യുക.
3. ഭരണഭാഷാ മലയാളവുമായി ബന്ധപ്പെട്ട കോഴ്സുകൾ നടത്താൻ തയ്യാറാവുക.

4. സ്വാശ്രയ കോഴ്സുകൾ, സർട്ടിഫിക്കറ്റ്/ഡിപ്ലോമ തലത്തിൽ നടത്താനാവുമോ എന്നാലോചിക്കുക. സെൽഫ് ഫിനാൻസിങ് ഘടനയിൽ പ്രവർത്തിച്ചാൽ അദ്ധ്യാപകരും ആ തരത്തിലേക്ക് മാറേണ്ടി വരും. ഇക്കാര്യങ്ങൾ ആലോചിച്ചേ തീരുമാനിക്കാനാവൂ എന്ന് ഫിനാൻസ് സെക്രട്ടറി അഭിപ്രായപ്പെട്ടു. കോഴ്സുകളുടെ നടത്തിപ്പിനെ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുവാൻ രജിസ്ട്രാറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

റിപ്പോർട്ടിൻമേലുള്ള ചർച്ച തുടരുന്നതിനിടെ സമിതി അംഗമായ വിദ്യാർത്ഥി പ്രതിനിധി ശ്രീ ഹരികൃഷ്ണപാൽ 2019 ഏപ്രിലിൽ നാലാം സെമസ്റ്റർ വിദ്യാർത്ഥികൾ സമർപ്പിക്കേണ്ട പ്രോജക്ട് / ഡെസർട്ടേഷൻ തിയതികൾ മെയ് 15 ലേക്ക് നീട്ടി നൽകണമെന്ന ആവശ്യം ഉന്നയിച്ചു. സർക്കാർ നിർദ്ദേശപ്രകാരം പരീക്ഷാകലണ്ടർ ഏകീകരിച്ചതും അദ്ധ്യാപകരുടെ അവധിക്കാലം മെയ്, നവംബർ എന്ന തരത്തിൽ ക്രമീകരിച്ചതുമായ സാഹചര്യം രജിസ്ട്രാർ വിശദീകരിച്ചു. സമിതി അംഗങ്ങളുടെ ഇടപെടലുകൾ ഉണ്ടായി. പരീക്ഷാകൺട്രോളർ സമിതിയുടെ മുന്നിലെത്തി പരീക്ഷയെ സംബന്ധിച്ചും ഫലപ്രഖ്യാപനത്തെസംബന്ധിച്ചും വിശദീകരണങ്ങൾ നൽകി. പ്രബന്ധസമർപ്പണം ഏപ്രിൽ 12 നു ശേഷം നടത്തിയാൽ മതിയെന്നും ഏപ്രിൽ 29 ന്റെ ഫലപ്രഖ്യാപനത്തിന് അനുസൃതമായി പ്രബന്ധസമർപ്പണം, വൈവ എന്നിവ നടത്താൻ വകുപ്പുകൾക്ക് സാവകാശമുണ്ടെന്നുമുള്ള വിശദീകരണം സമിതി അംഗീകരിച്ചു.

ഇനം **4/41**

## കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ സേവന-വേതന ഘടന തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് പഠിച്ച സ്റ്റാഫ് & ഫിനാൻസ് ഉപസമിതി റിപ്പോർട്ട് പരിഗണിക്കുന്നത് സംബന്ധിച്ച്.

**തീരുമാനം 4/41**

ഇക്കാര്യങ്ങൾ പരിശോധിച്ചു പഠിച്ച ഉപസമിതി കൺവീനർ ഡോ. സി.പി. ചിത്രഭാനു റിപ്പോർട്ട് അവതരിപ്പിച്ചു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ പെരുമാറ്റച്ചട്ടത്തിന്റെ കാലാവധി കഴിയുന്ന മുറക്ക് ചേരുന്ന നിർവാഹകസമിതിയിൽ തീരുമാനം എടുക്കുന്നതാണ് അഭികാമ്യം എന്ന് അറിയിച്ചു. അത് സമിതി അംഗീകരിച്ചു.

ഡിജിറ്റൈസേഷൻ വരുമ്പോൾ പഴയ സ്റ്റാഫ് പാറ്റേൺ മാറും. നിലവിലുള്ളവരുടെ പുനർവിന്യാസത്തിന് കൃത്യമായ നിയമനിർമ്മാണം വേണമെന്ന് ഫിനാൻസ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. അംഗീകൃത പോസ്റ്റിൽ അല്ലാതെ ജോലി ചെയ്യുന്നവർക്ക് സർക്കാർനിരക്കിലുള്ള ശമ്പളം നൽകുന്നതെങ്ങനെ എന്ന് ഉന്നതവിദ്യാഭ്യാസ കൗൺസിൽ ജോയിന്റ് സെക്രട്ടറിയും ചോദ്യം ഉന്നയിച്ചു. കരാർവ്യവസ്ഥ നിശ്ചയിക്കുമ്പോൾ അത് കൃത്യമായ നിയമങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായിരിക്കണമെന്ന നിർദ്ദേശം യോഗം അംഗീകരിച്ചു.

ഇനം
**5/41**

## പ്രോജക്ടുകളുടെ രൂപീകരണം - നടത്തിപ്പ് - തുടർ പ്രോജക്ടുകൾ എന്നീ കാര്യങ്ങളിൽ കോഴ്സ് & ഗവേഷണകാര്യ ഉപസമിതിയുടെ റിപ്പോർട്ട് പരിഗണിക്കൽ

**തീരുമാനം 5/41**

പല പ്രോജക്ടുകളും തൃപ്തികരമല്ല. മ്യൂസിയം പ്രോജക്ട് തുടങ്ങിയ ചിലതു നിലനിർത്താം. എന്നാൽ കാലാഹരണപ്പെട്ട പലതും നിർത്തലാക്കേണ്ടി വരും. ഇവിടെ പഠിച്ച വിദ്യാർത്ഥികളെ ഉൾപ്പെടുത്താനുള്ളവ എന്ന നിലയ്ക്കാണ് പല പ്രോജക്ടുകളും മുന്നോട്ടുപോകുന്നത്. അത് പാടില്ല. പ്രോജക്ടിൽ നിന്നും സമൂഹത്തിന് ഗുണകരമായ ഏത് ഉൽപ്പന്നമാണ് / റിസൾട്ടാണ് ലഭിക്കുന്നതെന്നു നോക്കണം. ഇപ്പോൾ നടക്കുന്ന പ്രോജക്ടുകളുടെ ഫലം എന്ത്? എന്ന കാര്യത്തിൽ നടത്തുന്നവർക്കുതന്നെ സംശയമുണ്ട്. പ്രോജക്ടുകൾക്ക് കൃത്യമായ കാലപരിധി നിശ്ചയിച്ച് നടപ്പിൽ വരുത്തണം. പ്രസ്തുത കാലപരിധിക്കുള്ളിൽ അവ അവസാനിപ്പിക്കുകയും വേണം. മ്യൂസിയം പ്രോജക്ടിന്റെ പേര് മാറ്റണം. കൂടുതൽ സ്ഥലസൗകര്യം ഉണ്ടാക്കുകയും വേണം. നിഘണ്ടു പ്രോജക്ട് അവസാനിപ്പിക്കേണ്ടതാണ്. ഇനി വരുന്ന പ്രോജക്ട് സ്ക്രൂട്ടിനി ചെയ്ത ശേഷമേ അനുവദിക്കാവൂ. വരുംവർഷങ്ങളിൽ 3 മാസം കൂടുമ്പോൾ അവയുടെ പ്രവർത്തനപുരോഗതി വിലയിരുത്തപ്പെടണം.

എഴുത്തച്ഛൻ ലെക്സിക്കൺ, ഓൺലൈൻ നിഘണ്ടു എന്നിവയെ സംബന്ധിച്ച് കരാർ കാലാവധി തന്നെ അവസാനിച്ചതാണ്. ഈ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും എഴുതി വാങ്ങണം.

2015 നവംബറിൽ 4 ന് കാലാവധി കഴിഞ്ഞ പ്രോജക്ടാണ് നിഘണ്ടുവിന്റേത്. പ്രോജക്ടിന്റെ കരാർ പുതുക്കൽ, പ്രോഗ്രസ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച വിവരങ്ങൾ രജിസ്ട്രാർ പ്രോജക്ട് കോർഡിനേറ്ററിൽ നിന്നും ശേഖരിച്ച് വൈസ് ചാൻസലർക്കു സമർപ്പിക്കേണ്ടതാണ്. 47 ലക്ഷം രൂപ ഇതിനകം ചെലവായതായി റിപ്പോർട്ട് ചെയ്തു. വിശദമായ റിപ്പോർട്ട് ആവശ്യടണമെന്നും തീരുമാനിച്ചു. കോഴിക്കോട് മലിഹ എന്ന വ്യക്തിക്ക് 20,000 രൂപ നൽകണം എന്ന ആവശ്യം റിപ്പോർട്ട് ലഭിച്ച ശേഷം അനുവദിച്ചാൽ മതിയെന്നും തീരുമാനിച്ചു. എല്ലാ പ്രോജക്ടുകളും റിവ്യൂ ചെയ്യപ്പെടണം. റിട്ടയർ ചെയ്യാൻ ഒരു വർഷം അവശേഷിക്കുന്നതുവരെ അദ്ധ്യാപകർക്ക് പ്രോജക്ടുകൾ അനുവദിക്കാവുന്നതാണ്. പ്രോജക്ട് മൂല്യനിർണയ സമിതി രൂപീകരിക്കണം.

ഇനം
**6/41**

## സുവർണരേഖ പദ്ധതിയിൽ ഉൾപ്പെടുത്തി ചിത്രീകരിച്ചിട്ടുള്ള 'മാമൈദിയുടെ മകൻ' എന്ന ഡോക്യുമെന്ററി സർവകലാശാലയുടെ മുൻകൂർ അനുമതി കൂടാതെ സബ്ടൈറ്റിൽ ചെയ്തതിനുള്ള പ്രതിഫലം സംബന്ധിച്ച്

**തീരുമാനം 6/41**

നിർവാഹകസമിതി ഇക്കാര്യം വിശദമായി ചർച്ച ചെയ്തു. സുവർണരേഖ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ഡോക്യുമെന്ററിയുടെ പരിപൂർണ അവകാശം സർവകലാശാലയ്ക്കാണ്. ഇംഗ്ലീഷ് സബ്ടൈറ്റിൽ ചെയ്യുവാൻ സർവകലാശാല മുൻകൂർ അനുമതി നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ഡോ. മുഹമ്മദ് റാഫി സർവീസ് ചട്ടങ്ങളുടെ ലംഘനമാണ് നടത്തിയിട്ടുള്ളത്. സർവകലാശാലയുടെ സ്വത്തായ ഡോക്യുമെന്ററി സർവകലാശാല അധികൃതരുടെ മുൻകൂർ അനുമതി കൂടാതെ മത്സരത്തിന് അയച്ചിട്ടുണ്ടോ യെന്നത് പരിശോധിച്ച് ആവശ്യമായ നടപടികൾ നിയമാനുസൃതമായി എടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ അദ്ദേഹത്തോട് വിശദീകരണം ആവശ്യപ്പെടണം. ചിത്രത്തിന്റെ മാസ്റ്റർ കോപ്പിയും (ഒറിജിനൽ) ഡോക്യുമെന്ററിയും സർവകലാശാലയ്ക്ക് ലഭിക്കുവാൻ ഉടൻ നടപടി സ്വീകരിക്കേണ്ടതാണ്.

മലയാളസർവകലാശാലയുടെ സ്വത്തായ ഡോക്യുമെന്ററിയിലാണ് സബ്ടൈറ്റിൽ ചെയ്തിട്ടുള്ളത് എന്ന വസ്തുത കണക്കിലെടുത്തും പുറത്തുനിന്നുള്ള ഒരു സ്ഥാപനമാണ് ചെയ്തത് എന്നതിനാലും 10.05.2018 ന് ഡോ. മുഹമ്മദ് റാഫി രജിസ്ട്രാർക്ക് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ട 5000 രൂപ (അയ്യായിരം രൂപ മാത്രം) സബ്ടൈറ്റിൽ ചെയ്ത സ്ഥാപനത്തിന് നൽകുവാനും തീരുമാനിച്ചു.

ഇനം
**7/41**

## 2019-20 ലെ വാർഷികബജറ്റ് റിപ്പോർട്ട് പൊതുസഭയിൽ അവതരിപ്പിക്കുവാനുള്ള അനുമതി സംബന്ധിച്ച്

**തീരുമാനം 7/41**

2019-20 ലെ വാർഷികബജറ്റ് പൊതുസഭയിൽ അവതരിപ്പിക്കാൻ നിർവാഹക സമിതി അംഗീകാരം നൽകി.

ഇനം
**8/41**

## 2019 മാർച്ച് 1 മുതൽ പ്രാബല്യത്തിൽ വരുന്ന വാഹന കരാർ - റിപ്പോർട്ടിങ്

**തീരുമാനം 8/41**

നിർവാഹകസമിതിയുടെ അംഗീകാരത്തിന് വിധേയമായി വൈസ്ചാൻസലർ സ്വീകരിച്ച നടപടി യോഗം അംഗീകരിച്ചു.

ഇനം **9/41**

## ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവകലാശാല കമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാവി ഡോ. ലജീഷ് വി.എൽ. നൽകിയ പ്രോജക്ട് ഫോർ ഡിജിറ്റൈസേഷൻ ഫേസ്-I പരിഗണിക്കുന്നത് സംബന്ധിച്ച്.

**തീരുമാനം 9/41**

1. ഡിജിറ്റൈസേഷൻ നടപ്പിലാക്കുന്നതിനായി താഴെപറയുന്ന വിധത്തിലുള്ള ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കണമെന്ന് തീരുമാനിച്ചു.

   1. ഐ.ടി. മിഷന്റെ പ്രതിനിധി
   2. എഞ്ചിനിയറിങ് കോളേജ് പ്രതിനിധി
   3. മറ്റുസർവകലാശാല / കാലിക്കറ്റ് സർവകലാശാല പ്രതിനിധി
   4. മലയാളസർവകലാശാലയിൽ നിന്നും രണ്ടുപേർ

TSP (Total Solution Providers)/ PSU (Public Sector Unit) എന്നിവരിൽ നിന്നും ലിമിറ്റഡ് ടെണ്ടർ വഴി പ്രാപ്തരായ സ്ഥാപനത്തെ കണ്ടെത്തണമെന്നും തീരുമാനിച്ചു.

ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചുകഴിഞ്ഞാലുടനെ ടെണ്ടർ നടപടികൾ ആരംഭിക്കണമെന്നും തീരുമാനിച്ചു ഡിജിറ്റൈസേഷൻ പദ്ധതിക്കു അനുമതി നൽകുവാൻ തീരുമാനിച്ചു. ഇക്കാര്യത്തിലുള്ള തുടർനടപടികൾ എടുക്കുന്നതിനു യോഗം വൈസ് ചാൻസലറെ അധികാരപ്പെടുത്തുകയും ചെയ്തു.

ഇനം **10/41**

## കാലാവധി കഴിഞ്ഞ തദ്ദേശവികസനപഠനബോർഡ് പുനഃസംഘടിപ്പിക്കുന്നത് പരിഗണിക്കുന്നത് സംബന്ധിച്ച്

**തീരുമാനം 10/41**

തദ്ദേശവികസനം പഠനബോർഡ് പുനഃസംഘടിപ്പിക്കുന്നതിനായി അവതരിപ്പിച്ച പാനൽ യോഗം അംഗീകരിച്ചു.

ഇനം **11/41**

## 2019-20 അദ്ധ്യയനവർഷത്തെ ബിരുദാനന്തരബിരുദ പ്രവേശനത്തിന് നിലവിലുള്ള സീറ്റുകളുടെ എണ്ണം വർദ്ധന പരിഗണിക്കുന്നത് സംബന്ധിച്ച്

**തീരുമാനം 11/41**

മുന്നോക്കക്കാരിലെ പിന്നാക്കസംവരണം ഉൾപ്പെടെ 20 സീറ്റാക്കി വർദ്ധിപ്പിക്കുവാൻ യോഗം തീരുമാനിച്ചു. 2019-20 ലെ പ്രവേശനപ്പരീക്ഷ എറണാകുളം, തിരൂർ, കോഴിക്കോട് എന്നിങ്ങനെ മൂന്ന് കേന്ദ്രങ്ങളിൽ വെച്ച് നടത്തുവാനും തീരുമാനിച്ചു.

ഇനം **12/41**

**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയും എബർഹാഡ് കാൾസ് യൂണിവേഴ്സിറ്റി ട്യുബിംഗനുമായി ധാരണപത്രം ഒപ്പുവെക്കുന്നതിനുവേണ്ടി ട്യുബിംഗൻ യൂണിവേഴ്സിറ്റി അംഗീകരിച്ചു ഒപ്പിട്ടു നൽകിയിട്ടുള്ള ധാരണപത്രം ചർച്ച ചെയത് അംഗീകരിക്കുന്നത് സംബന്ധിച്ച്**

**തീരുമാനം 12/41**

ഗുണ്ടർട്ട് ചെയറിന്റെ ഹോൾഡറായി ഒരാളുടെ പേര് നിർദ്ദേശിക്കുവാൻ യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി. ലീഗൽ അഡ്വൈസറുടെ രേഖാമൂലമുള്ള അഭിപ്രായം വേണമെന്നും യോഗം നിർദ്ദേശിച്ചു.

ഇനം **13/41**

**മലയാളഭാഷ സംസാരിക്കുവാനും കേട്ട് മനസ്സിലാക്കുവാനും ഉദ്ദേശിച്ച് 6 മാസത്തെ ഹ്രസ്വകാല കോഴ്സ് സർവകലാശാലയിൽ തുടങ്ങണമെന്ന ആവശ്യമായി അൽ-തബാബ് ഹോൾഡിങ് എന്ന മസ്ക്കറ്റ് ഒമാൻ ആസ്ഥാനമാക്കിയിട്ടുള്ള സ്ഥാപനത്തിൽ നിന്നും അയച്ച കത്തിലെ താൽപര്യം പരിഗണിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം 13/41**

മസ്ക്കറ്റിലെ ഈ സ്ഥാപനത്തിന്റെ വിശ്വാസ്യതയെപ്പറ്റി അന്വേഷണം നടത്തി അത് ഉറപ്പുവരുത്തേണ്ടതാണെന്നും ആവശ്യമെങ്കിൽ എംബസിയുടെ അനുമതി തേടേണ്ടതാണെന്നും തീരുമാനിച്ചു. വിശദാംശങ്ങൾ ലഭ്യമാക്കിയശേഷം ഇക്കാര്യം നിർവാഹകസമിതിയുടെ പരിഗണനയ്ക്ക് വെക്കേണ്ടതാണ്.

ഇനം **14/41**

**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയ്ക്കുവേണ്ടി ഹൈക്കോടതി സംബന്ധമായ വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്നതിന് കേരള ഹൈക്കോടതിയിലെ സ്റ്റാന്റിങ് കോൺസലായി നിയമിക്കപ്പെട്ട അഡ്വ. ശ്രീ. പി.സി. ശശിധരനു നൽകേണ്ട പ്രതിഫലവും മറ്റും നിശ്ചയിക്കുന്നത് പരിഗണിക്കുന്നത് സംബന്ധിച്ച്**

**തീരുമാനം 14/41**

മലയാളസർവകലാശാലയുടെ സ്റ്റാന്റിങ് കോൺസലായി 6.4.18 മുതൽ രണ്ട് വർഷത്തേക്ക് നിയമിക്കപ്പെട്ട അഡ്വ. പി.സി. ശശിധരന് താഴെപ്പറയുന്ന വിധത്തിൽ ഫീസ് നിശ്ചയിക്കാൻ യോഗം അനുമതി നൽകി.

| | | | |
|---|---|---|---|
| 1. | പ്രതിമാസ റീട്ടൈനർഫീ | - | 20,000 രൂപ |
| 2. | വക്കീൽഫീസ് ഓരോ കേസിനും | - | 15,000 രൂപ |
| 3. | ഓഫീസ് ചെലവുകൾ | - | 1,500 രൂപ |
| 4. | റിട്ട്ഹർജി തയ്യാറാക്കൽ, എതിർസത്യവാങ്മൂലം എന്നിവ തയ്യാറാക്കി കേസ് ഫയൽ ചെയ്യുന്നതിന് | - | 2,500 രൂപ |

ഇനം **15/41**

**പിഎച്ച്.ഡി. തിസീസ് മൂല്യനിർണയത്തിനും അഭിമുഖ ത്തിൽ ചെയർപേഴ്സണായി പങ്കെടുക്കുന്നതിനുമുള്ള പ്രതിഫലം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ച വൈസ് ചാൻസലറുടെ നടപടി നിർവാഹകസമിതിക്കു മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

**തീരുമാനം 15/41**

പ്രബന്ധമൂല്യനിർണ്ണയത്തിനും ഓപ്പൺ ഡിഫൻസിനും പ്രതിഫലമായി 2000 (രണ്ടായിരം) രൂപ വീതം നിശ്ചയിച്ച് വൈസ് ചാൻസലർ ഇറക്കിയിട്ടുള്ള ഉത്തരവ് (475/2019/അക്കാദമികം തിയതി 16.02.2019) യോഗം അംഗീകരിച്ചു.

ഇനം **16/41**

**നിയമനകാലാവധി കഴിഞ്ഞിട്ടും സർവീസിൽ തുടരുന്ന ഗസ്റ്റ് അദ്ധ്യാപകരുടെയും വിസിറ്റിങ് പ്രൊഫസർമാരുടേയും സർവീസ് സംബന്ധിച്ച് തീരുമാനമെടുക്കുന്ന വിഷയം**

**തീരുമാനം 16/41**

മധ്യവേനലവധി ആരംഭിക്കുന്നതിന് മുമ്പായി മുഴുവൻ അദ്ധ്യാപകർക്കും വിടുതൽ നൽകണം. ജൂണിൽ പുതിയ അപേക്ഷ ക്ഷണിച്ച് വർക്ക്ലോഡ് കണക്കിലെടുത്ത് ആവശ്യമായ വകുപ്പുകളിൽ മാത്രം നിയമനം നടത്താവുന്നതാണ്. റഗുലർ അദ്ധ്യാപകരുടെ വർക്ക്ലോഡ് നിശ്ചയിച്ച ശേഷം അധികം വരുന്ന അദ്ധ്യാനഭാരത്തിന് ആനുപാതികമായി നിയമാനുസൃതം അനുവദനീയമായത്ര ഗസ്റ്റ് അധ്യാപകരെ മാത്രമെ നിയമിക്കാൻ പാടുള്ളൂവെന്നും യോഗം തീരുമാനിച്ചു.

യോഗം 1.30 ന് അവസാനിച്ചു.

ഡോ. ടി. അനിതകുമാരി
രജിസ്ട്രാർ ഇൻ ചാർജ്